ഖുത്ബ
30.11.2007
ബയ്ത്തുൽ ഫുതൂഹ്, ലണ്ടൻ

# യഥാർത്ഥ ആരാധ്യനെ തിരിച്ചറിയുക യഥാർത്ഥ മനുഷ്യനാകും

شَهِدَ اللّٰهُ اَنَّهٗ لَاۤ اِلٰهَ اِلَّا هُوَ ۙ وَالۡمَلٰٓـئِكَةُ وَاُولُوا الۡعِلۡمِ قَآئِمًۢا بِالۡقِسۡطِ ؕ لَاۤ اِلٰهَ اِلَّا هُوَ الۡعَزِيۡزُ الۡحَكِيۡمُ ﴿١٩﴾

**അ**ഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപനോദ്ദേശ്യം, നന്മയും ഈശ്വരഭക്തിയും അല്ലാഹുവിന്റെ ഏകത്വത്തിന്റെ അറിവും നമ്മുടെയുള്ളിൽ ഉണ്ടാക്കുകയും അതിന്റെ സംസ്ഥാപനത്തിനായി മാതൃകാപരമായ നിലയിൽ പ്രവർത്തിക്കുകയും ലോകത്ത് അത് സ്ഥാപിക്കുകയും ചെയ്യുക എന്നതാണ്. ആകാശവും ഭൂമിയും സൃഷ്ടിച്ച അല്ലാഹുവിന്റെ ഭരണം ലോകത്ത് സ്ഥാപിക്കുകയാണ്. അവന്റെ നിരവധി സൃഷ്ടികൾ ഈ ഭൂമിയിലുണ്ട്. പ്രപഞ്ചത്തിൽ ഭൂമിയ്ക്കുള്ള സ്ഥാനം ഒരു ബിന്ദുവിനേക്കാൾ അധികമില്ല. അതുകൊണ്ട് മനുഷ്യരെന്ന് പറയുന്ന നമുക്ക് പ്രത്യേകിച്ച്, വലിയ അഭിമാനത്തോടും അഹങ്കാരത്തോടുംകൂടി ഈ ഭൂമിയിൽ നടക്കാറുള്ള ചിലർക്ക് ഒരു വിലയുമില്ല. ഇങ്ങനെയൊരു വിലയുമില്ലാതിരുന്നിട്ടും നമുക്ക് സൃഷ്ടികളിൽ ഉത്തമർ എന്ന സ്ഥാനം നല്കിയിരിക്കുന്നത് അല്ലാഹുവിന്റെ ഔദാര്യമാണ്. നാം അവന്റെ ആരാധകരായിത്തീരുക എന്നതാണ് നമ്മുടെ സൃഷ്ടിപ്പിന്റെ ഒരു ഉദ്ദേശ്യമായി പറഞ്ഞിട്ടുള്ളത്. പക്ഷേ, ലോകത്തിലെ ഭൂരിഭാഗം ജനങ്ങളും ഈ ഉദ്ദേശ്യത്തെക്കുറിച്ച് ചിന്തിക്കാൻ തയ്യാറല്ല. കാരണം ലോകത്തിന്റെ കളിതമാശകൾ, അവരെ തന്റെ പിടിയിലൊതുക്കിക്കളഞ്ഞു. ശയ്ത്വാൻ തന്റെ വലയിൽ അവരെ കുടുക്കിക്കളഞ്ഞു. പക്ഷേ, അല്ലാഹു അയച്ച ആളെ വിശ്വസിച്ചിട്ടുള്ളവരും, അല്ലാഹുവിന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കുന്നവരും ഈ ഉദ്ദേശ്യം എപ്പോഴും ഓർമ്മിക്കുന്നവരാണ്. സർവശക്തി പ്രഭാവങ്ങളുടെ അധികാരിയും പ്രതാപശാലിയും ആകാശവും ഭൂമിയും സഷ്ടിച്ചവനും നിരവധി തരത്തിലുള്ള സൃഷ്ടികളെ ഭൂമിയിൽ സൃഷ്ടിച്ച സ്രഷ്ടാവുമായ അല്ലാഹുവിന്, തന്നെ ഈ ഭൂമിയിൽ ആരാധിപ്പിക്കാനും തന്റെ ഭരണത്തിന്റെ സംസ്ഥാപനത്തിനും വേണ്ടി ഒരു മനുഷ്യന്റേയും ആവശ്യമുണ്ടായിരുന്നില്ല. പക്ഷേ, അവൻ തന്റെ ദാസർക്ക് ബുദ്ധിയും വിവേകവും നല്കിക്കൊണ്ട്, 'ഞാൻ നിങ്ങളെ ഈ ബുദ്ധിയോടും വിവേകത്തോടുംകൂടി അയക്കുന്നത് എന്റെ നബിമാർ എന്നിൽനിന്നുകൊണ്ടുവരുന്ന പാഠങ്ങളിൽ വിശ്വസിക്കാനാണ്' എന്ന് പറഞ്ഞിരിക്കുന്നു. അല്ലെങ്കിൽ നിങ്ങൾക്ക് നിഷേധിക്കാം. ഇതിന് നിങ്ങൾക്ക് സ്വാതന്ത്ര്യമുണ്ട്. ബുദ്ധിയും വിവേകവും ശരിയായ നിലയിൽ പ്രയോഗിക്കുകയാണെങ്കിൽ വിശ്വസിച്ചവരും ആ പാഠമനുസരിച്ച് പ്രവർത്തിക്കുന്നവരും ആയിത്തീരും. അപ്പോൾ തന്റെ ഭരണം സ്ഥാപിക്കാൻ ശ്രമിക്കുന്നവരിൽ നിങ്ങളെ താൻ ഉൾപ്പെടുത്തുന്നതാണെന്ന് അല്ലാഹു പറയുന്നു. നിഷേധിക്കുന്നവർ ഉൾപ്പെടുന്നത് ശയ്ത്വാന്റെ പിന്നാലെ നടക്കുന്നവരുടെ കൂട്ടത്തിലായിരിക്കും.

തന്റെ നബിമാർ മുഖേന താനിറക്കിയ അധ്യാപനവും തന്റെ കല്പനയും അനുസരിച്ച് നടക്കുന്നവരാണ് തന്റെ ദാസരും തന്നെ ആരാധ്യനായി മനസ്സിലാക്കുന്നവരും എന്ന് അല്ലാഹു പറയുന്നു. അതിന്റെ പാരമ്യത, നബി(സ)യ്ക്ക് വിശുദ്ധഖുർആന്റെ രൂപത്തിൽ ഇറക്കപ്പെട്ട അവസാനത്തെ ധർമ്മശാസ്ത്രമാണ്. ഇനി ഒരു കല്പനയും കൊണ്ടുവരുന്നവരായി ആരുമില്ല; നബി(സ)യെ പിന്തുടർന്നുകൊണ്ട് അല്ലാഹുവിൽനിന്ന് വരുന്നവരൊഴികെ. അതിനാൽ, ഈ അധ്യാപനമനുസരിച്ച് നബി(സ)ന്റെ ദാസത്വത്തിന് വിധേയനാക്കിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അല്ലാഹു അയച്ചു; ലോകർക്ക് യഥാർത്ഥ ആരാധ്യനെക്കുറിച്ച് തിരിച്ചറിവ് നല്കുന്നതിനുവേണ്ടിയാണ് അദ്ദേഹം ആഗതനായിട്ടുള്ളത്. അല്ലാഹുവിനും അവന്റെ ദാസർക്കുമിടയിലുണ്ടായിട്ടുള്ള അകൽച്ച വർദ്ധിച്ചുകൊണ്ടേപോകുകയാണ്– അതിനെ അകറ്റി അല്ലാഹുവിനും അവന്റെ സൃഷ്ടികൾക്കുമിടയിൽ യഥാർത്ഥമായ ബന്ധം സ്ഥാപിക്കാനാണ് ആ മഹാത്മാവ് നിയോഗിതനായിട്ടുള്ളത്. ഇപ്പോൾ നമ്മളിൽ ഓരോരുത്തരുടേയും ജോലി ഈ വിഷയത്തെ മുന്നോട്ട് പ്രചരിപ്പിക്കുക എന്നതാണ്. അപ്പോഴാണ് നാം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിൽ ഉൾപ്പെട്ടവരെന്ന നിലയിൽ സത്യമായ കടമ നിറവേറ്റാൻ ശ്രമിക്കുന്നവർ എന്നു പറയപ്പെടുന്നത്. അപ്പോഴാണ് നാം അല്ലാഹുവിന്റെ ഭരണം

ലോകത്ത് സ്ഥാപിക്കുന്നതിനുവേണ്ടി പ്രവർത്തിക്കുന്നവരിൽ ഉൾപ്പെട്ടവരാണെന്ന് പറയപ്പെടുന്നത്. അല്ലാഹു ആകാശത്തിന്റേയും ഭൂമിയുടേയും അതിലുള്ളതിന്റേയും സ്രഷ്ടാവാണ്. അവൻ പ്രതാപശാലിയാണ്. അധികാരിയാണ്. ഇതിനെ സംബന്ധിച്ച് ഞാൻ ആദ്യം പറഞ്ഞുകഴിഞ്ഞതാണ്. അവൻ സർവശക്തനാണ്. അവൻ ഉദ്ദേശിക്കുമ്പോൾ, വിജയം നല്കാൻ അവനു കഴിയും. അപ്പോൾ തന്റെ ഭരണം സ്ഥാപിക്കാൻ അവന് നിസ്സാരരായ നമ്മുടെ സഹായം എന്തിനാണ്? ഭരണാധികാരം ആദ്യമേതന്നെ അവന്റേതാണല്ലോ.

ഞാൻ പറഞ്ഞതുപോലെ, ഇന്നത് നല്ലതാണെന്നും ഇന്നത് ചീത്തയാണെന്നും പറഞ്ഞുകൊണ്ട് ഇഷ്ടമുള്ളത് തിരഞ്ഞെടുക്കാനുള്ള അധികാരം അല്ലാഹു തന്റെ ദാസർക്ക് നല്കിയിരിക്കുന്നു. തന്നെ യഥാർത്ഥ ആരാധ്യനായി മനസ്സിലാക്കുന്ന ദാസർ എപ്പോഴും, തന്നെ ആരാധിക്കുന്നവരും നന്മകൾ ചെയ്യുന്നവരും, ഭയഭക്തിയിൽ നിലകൊള്ളുന്നവരും അതിനെ പ്രചരിപ്പിക്കുന്നവരുമാണെന്ന് അല്ലാഹു പറഞ്ഞിരിക്കുന്നു. ഇങ്ങനെ മനുഷ്യൻ പ്രവർത്തിക്കുമ്പോൾ, അവൻ അല്ലാഹുവിന്റെ ഭരണത്തെ ലോകത്ത് സ്ഥാപിക്കുന്നവനായിത്തീരുന്നതാണ്. ഇതിന് ഉത്തമമായ പ്രതിഫലം പറ്റുന്നവനായിത്തീരും. അക്കൂട്ടർ ഈ ലോകത്തും പരലോകത്തും തന്റെ സ്വർഗ്ഗത്തിന് അവകാശികളാണെന്ന് അല്ലാഹു പറയുന്നു. അതിന്നെതിരിൽ ബഹുദൈവങ്ങളെ ആരാധിക്കുന്നവരും, അല്ലാഹുവിന്നെതിരിൽ അന്യദൈവങ്ങളുടെ പിന്നാലെ നടക്കുന്നവരും ശിക്ഷ കണ്ടെത്തുന്നവരാണ്. അതുകൊണ്ട്, യഥാർത്ഥ ആരാധ്യനെക്കുറിച്ചുള്ള ശരിയായ അറിവ് ഉള്ളിൽ ഉണ്ടാക്കുകയെന്നത് അല്ലാഹുവിന്റെ ആവശ്യമല്ല, മറിച്ച് മനുഷ്യന്റെ ആവശ്യമാണ്. അങ്ങനെ അവന്റെ സ്വർഗ്ഗം കരസ്ഥമാക്കുന്നവരായിത്തീരണം.

ഞാൻ മുമ്പേയും പറഞ്ഞതുപോലെ, നബിമാർ മുഖേന യഥാർത്ഥ ആരാധ്യൻ താനാണെന്ന് വെളിപ്പെടുത്തുന്നതിനുവേണ്ടി അല്ലാഹു അവരെ അയക്കുന്നു. ആ നബിമാർ അല്ലാഹുവിന്റെ തിരുസന്നിധിയിൽ കുമ്പിടുന്നവരും അവന്റെ സന്ദേശത്തെ ലോകത്ത് പ്രചരിപ്പിക്കുന്നവരുമാണ്. അവരുടെ എതിരാളികൾക്ക് അതായത് അല്ലാഹു അയച്ചവരുടെമേൽ അക്രമവും ദ്രോഹവും ചെയ്യുന്നവർക്ക് അല്ലാഹു താൻ പ്രതാപശാലിയാണെന്നതിന് തെളിവ് കാണിച്ചുകൊണ്ട് തന്റെ നബിമാരെ സഹായിക്കുന്നു. അവരെ വിജയിപ്പിക്കുന്നു. അല്ലാഹു, താൻ യഥാർത്ഥ ആരാധ്യനാണെന്നതിനെക്കുറിച്ച് വിശുദ്ധഖുർആനിൽ ഒരുപാട് സ്ഥലത്ത് പറഞ്ഞിട്ടുണ്ട്. തന്റെ നബിമാരുടെ ജമാഅത്തുകളെ എതിർക്കുന്നവരേയും തന്റെ യഥാർത്ഥ ദാസരായവർക്കെതിരിൽ പ്രവർത്തിക്കുന്നവരേയും താൻ പിടിച്ചു ശിക്ഷിക്കുമെന്ന് അല്ലാഹു പറഞ്ഞിരിക്കുന്നു. അങ്ങനെ വരുമ്പോൾ ആ ശത്രുക്കളുടെ പേരും അടയാളവുംപോലും ലോകത്തുണ്ടാകുകയില്ല. മിക്കപ്പോഴും അവരുടെ എതിരാളികൾ മറ്റുള്ളവർക്ക് ഗുണപാഠമായിത്തീരുന്നു.

തന്റെ നബിക്കെതിരിൽ ചാടിയെഴുന്നേറ്റുവന്ന് നില്ക്കുന്നവർക്കാർക്കെങ്കിലും രക്ഷ നല്കിയിട്ടുണ്ടെങ്കിൽ അതും അവസാനം ലോകർക്ക് പാഠമാക്കിത്തീർക്കാനായിരുന്നു. ഹദ്റത്ത് മൂസാ(അ)യ്ക്കെതിരിൽ എഴുന്നേറ്റയാളായിരുന്നു ഫിർഔൻ. അയാൾ ദൈവമാണെന്ന് വാദിച്ചു. എല്ലാവരും തന്റെ പ്രജകളാണെന്നും, തനിക്ക് കുമ്പിടുന്നവരാണെന്നുമുള്ള ഡംഭ് അയാൾക്കുണ്ടായിരുന്നു. തന്നെക്കാൾ വലുതായി ആരാണുള്ളതെന്ന ഗർവ് അയാളിൽ നിലനിന്നിരുന്നു. ദൈവം താൻതന്നെയെന്ന് അയാൾ കരുതിയിരുന്നു. എന്നാൽ, മരണം മുമ്പിൽ കണ്ടപ്പോൾ, അയാൾ മാപ്പ് ചോദിക്കാൻ ശ്രമിച്ചു. അപ്പോൾ, 'സമയം കടന്നുകഴിഞ്ഞു' എന്ന് അല്ലാഹു പറഞ്ഞു. ഇനി നിന്റെ ബാക്കി ജീവിതം, അതായത് നിന്റെ മൃതശരീരം ജനങ്ങൾക്ക് ഗുണപാഠമായി നിലനില്ക്കുന്നതാണെന്ന് അല്ലാഹു അറിയിച്ചു. ഇയാൾ ദൈവമാണെന്ന് വാദിച്ചയാളായിരുന്നുവെന്നും ഇയാൾക്കുണ്ടായ ശിക്ഷ ഇതായിരുന്നുവെന്നും ജനങ്ങളെ അറിയിക്കുന്നതിനുവേണ്ടിയാണ് അല്ലാഹു ഇങ്ങനെ ചെയ്തത്. അങ്ങനെ ജനങ്ങൾക്ക് ഗുണപാഠമായിക്കൊണ്ട് അവരുടെ മുമ്പിൽ ഇന്നും അയാൾ കിടക്കുന്നു. ഇത് അല്ലാഹു ഏതെങ്കിലും മനുഷ്യനെക്കൊണ്ട് ചെയ്യിച്ചതല്ല. ഇതുണ്ടായത് ആ വെള്ളം മുഖേനയായിരുന്നു. അതിന്റെ കയറ്റവും ഇറക്കവും ആ അല്ലാഹുവിന്റെ കല്പനയാലായിരുന്നു. അതിനാൽ, അല്ലാഹുവിന് തന്റെ ഭരണം സ്ഥാപിക്കാനോ തന്നെ ആരാധിക്കാനോ ആരുടേയും ആവശ്യമില്ല. പ്രത്യുത, അവന്റെ കല്പനയനുസരിച്ച് നടക്കുന്ന മനുഷ്യർക്ക് പ്രതിഫലം നല്കാനാണ് അവരോട് ഇതിനായി പ്രവർത്തിക്കാൻ പറഞ്ഞിട്ടുള്ളത്. തന്റെ ഏകത്വത്തെ സ്ഥാപിച്ചുകൊണ്ട് തന്നെ ആരാധിക്കുന്നവരിൽ ഉൾപ്പെടുന്നവരായിത്തീരുകയെന്ന വലിയ പ്രതിഫലത്തിന് നിങ്ങൾ അർഹരായിത്തീരുന്നു.

ഹദ്റത്ത് ഖാത്തമുൽ അമ്പിയാഅ് മുഹമ്മദ് മുസ്തഫാ(സ)യോട് അല്ലാഹു എങ്ങനെയാണ് പെരുമാറിയതെന്ന് നോക്കുക. ആ മഹാത്മാവിനെ അല്ലാഹു മുഴുലോകത്തും തന്റെ ഭരണം സ്ഥാപിക്കാൻ വേണ്ടിയാണ് അയച്ചത്. യതീമായ ഒരു കുട്ടി. എപ്പോഴും മൗനിയും എല്ലാവരിൽനിന്നും വേറിട്ടുനില്ക്കുകയും

ചെയ്യുന്ന പ്രകൃതമായിരുന്നു ആ കുട്ടിയുടേത്. പക്ഷേ, അല്ലാഹു നബി(സ)യുടെ മേൽ തന്റെ ദൃഷ്ടി പതിപ്പിച്ചു. കാരണം ആ മഹാത്മാവ് ഏറ്റവും കൂടുതൽ അല്ലാഹുവിനെ ആരാധിക്കുന്ന ആളായിരുന്നു. യതീമായ അവസ്ഥയിൽ വളരുകയും ലോകത്തിന്റെ മുന്നിൽ ബലഹീനനായിരിക്കുകയും ചെയ്ത ആ കുട്ടിയെ, താൻ ലോകരെ നേരായപാതയിലൂടെ നയിക്കാനായി ആദ്യമെ തിരഞ്ഞെടുത്തുവെന്ന് അല്ലാഹു പറഞ്ഞു. തന്റെ യഥാർത്ഥ ആരാധകനാണ് അദ്ദേഹമെന്നും, അതുപോലെ മറ്റൊരു ആരാധകനില്ലെന്നും അവൻ പ്രഖ്യാപിച്ചു. തന്റെ സവിശേഷഗുണങ്ങളുടെ യഥാർത്ഥ ചൈതന്യമായിത്തീരാൻ ആർക്കെങ്കിലും കഴിയുമെങ്കിൽ, അത് ഈ പരിപൂർണ്ണമനുഷ്യന് മാത്രമാണെന്ന് അല്ലാഹു പറയുന്നു. അതുകൊണ്ട് മക്കക്കാരേ! ഇന്ന് നിങ്ങൾ ബലഹീനനായി കാണുന്ന ഈ വ്യക്തി, നാളെ നിങ്ങളുടെ ഭരണകർത്താവായിരിക്കും. മക്കയുടെ ആദ്യകാലത്തെ അവസ്ഥ നോക്കുക. എന്തെന്തെല്ലാം ദ്രോഹങ്ങളാണ് നബിയുടെമേൽ അവർ ചെയ്തത്? ആ മഹാത്മാവിനെ വിശ്വസിച്ചവരുടെമേൽ അവർ ചെയ്തുകൂട്ടിയത്. ആ സംഭവങ്ങൾ വായിക്കുമ്പോൾ രോമങ്ങൾ എഴുന്നുനില്ക്കുന്നു. ആ മഹാത്മാവിനെ കൊല്ലാൻവരെ പദ്ധതിയിട്ടു. പക്ഷേ, മക്കാവിജയം സാക്ഷിയാണ്. പ്രതാപശാലിയും അജയ്യനുമായ ആ യഥാർത്ഥ ആരാധ്യന്റെ മുന്നിലാണ് ആ ധന്യാത്മാവ് കുമ്പിടാറുണ്ടായിരുന്നത്. അവൻതന്നെ തന്റെ ദാസന് അവസാനം വിജയം നല്കി. മക്കയിലെ നിഷേധികളുടെ 360 ബിംബങ്ങളും അവർക്കൊട്ടും പ്രയോജനപ്പെട്ടില്ല. അല്ലാഹുവിന്നെതിരിൽ അവയെ അവർ പ്രതിഷ്ഠിച്ചു വെച്ചതായിരുന്നു. അല്ലാഹു വിശുദ്ധഖുർആനിൽ പറയുന്നു:

قُلْ أَرُونِيَ الَّذِينَ أَلْحَقْتُم بِهِ شُرَكَاءَ
كَلَّا ۚ بَلْ هُوَ اللَّهُ الْعَزِيزُ الْحَكِيمُ ﴿٢٨﴾

നീ പറയുക, 'നിങ്ങൾ അവനോട് പങ്കുചേർത്തു വച്ചവരെ എനിക്ക് കാണിച്ചുതരിക. അങ്ങനെയല്ലാ, പക്ഷേ, അവൻ പ്രതാപവാനും യുക്തിജ്ഞനുമായ അല്ലാഹു ആകുന്നു' (34:28).

മക്കാവിജയവും നബി(സ)യുടെ ജീവിതത്തിൽ അറേബ്യയുടെ വിശാലമായ പ്രദേശത്ത്, എന്നല്ല പുറംദേശംവരെ ഇസ്ലാം പരന്നതും ആ യഥാർത്ഥ ആരാധ്യൻ പ്രതാപശാലിയാണെന്നതിന് തെളിമയാർന്ന വലിയ അടയാളമാണ്. ജനങ്ങളെക്കൊണ്ട് ആ മഹാത്മാവ് അവന് ആരാധന ചെയ്യിച്ചു. പിന്നീട് അവർ ലോകത്ത് അല്ലാഹുവിന്റെ ഭരണം സ്ഥാപിക്കുന്നവരായിത്തീർന്നു. അല്ലാഹുവിന് പങ്കാളികളെന്നനിലയിൽ കഅ്ബ ദേവാലയത്തിൽ വെച്ചിരുന്ന ബിംബങ്ങളൊന്നും അവർക്ക് തെല്ലും പ്രയോജനപ്പെട്ടില്ല. പ്രതാപശാലിയായ അല്ലാഹുവാണ് വിജയിച്ചത്. അവനെ ആരാധിക്കുന്നതിലാണ് യുക്തി. ബിംബങ്ങളെ ആരാധിക്കുന്നതിൽ എന്തു യുക്തിയാണുള്ളത്? എന്തെങ്കിലും യുക്തിയുണ്ടെന്ന് അവകാശപ്പെടുന്നുവെങ്കിൽ, അതിന് തെളിവ് കൊണ്ടുവരാൻ അല്ലാഹു വെല്ലുവിളിക്കുന്നു. പക്ഷേ, അവർക്ക് കാണിക്കാൻ സാധിക്കില്ല. അല്ലാഹുവിന്നെതിരിൽ, ആർക്കെങ്കിലും ശക്തിയുണ്ടെന്ന് അവകാശപ്പെടുന്നുവെങ്കിൽ അത് കാണിക്കേണ്ടതാണ്. പക്ഷേ, കാണിക്കാൻ സാധ്യമല്ല.

നബി(സ)യ്ക്കും ഖുലഫാഉർ റാശിദീങ്ങൾക്കുശേഷം ഓരോ നൂറ്റാണ്ടിലും അല്ലാഹുവിന്റെ ഭരണം ഹൃദയങ്ങളിൽ സ്ഥാപിക്കുന്നതിനും സത്യവാനും ഏകനും തനിച്ചുള്ളവനുമായ അല്ലാഹുവിനെ പരിചയപ്പെടുത്തിക്കൊടുക്കുന്നതിനുമായിട്ട് മുജദ്ദിദുമാർ വന്നുകൊണ്ടിരുന്നു. പിന്നീട് അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും സുവാർത്തയും പ്രവചനവുമനുസരിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) വന്നു. ആ മഹാത്മാവിന്റെ ആദ്യകാല ജീവിതം പരിശോധിച്ചുനോക്കുക. അതെന്തായിരുന്നു. തന്റെ വീട്ടുകാർപോലും അദ്ദേഹത്തെ ശ്രദ്ധിച്ചിരുന്നില്ല. കാരണം ഭൗതികജീവിതത്തിനോട് ഒരു താൽപര്യവും അദ്ദേഹത്തിന്നുണ്ടായിരുന്നില്ല. അദ്ദേഹം തന്റെ യഥാർത്ഥ ആരാധ്യനുമായിട്ട് ഹൃദയത്തെ ഇണക്കി നിറുത്തിയിരുന്നു. ഇക്കാരണത്താൽ, വീട്ടുകാർ അദ്ദേഹത്തിന്റെ ഭക്ഷണകാര്യങ്ങൾപോലും ചിലപ്പോൾ ശ്രദ്ധിച്ചിരുന്നില്ല. പക്ഷേ, യഥാർത്ഥ ആരാധ്യൻ, തന്റെ രാജത്വം സ്ഥാപിക്കാൻവേണ്ടി അദ്ദേഹത്തെ തിരഞ്ഞെടുത്തപ്പോൾ, പള്ളിയിലെവിടെയെങ്കിലും കിടക്കുന്നുണ്ടാകും എന്നു പറയപ്പെട്ടിരുന്ന ആ വ്യക്തി പെൺകുട്ടികളെപ്പോലെ നാണംകുണുങ്ങിയാണെന്നും ആളുകളുടെ മുമ്പിൽ വരാൻ ഭയമാണെന്നും പറയപ്പെട്ടിരുന്ന ആ വ്യക്തി, യഥാർത്ഥ ആരാധ്യന്റെ യഥാർത്ഥ ആരാധകനായിത്തീരുകയും, ഈശ്വരജ്ഞാനംകൊണ്ട് നിറഞ്ഞ അദ്ദേഹത്തിന്റെ ഗ്രന്ഥം ലോകം മുഴുവൻ അത്ഭുതത്തോടെ നോക്കിക്കാണുകയും ചെയ്തു. പെൺകുട്ടികളെപ്പോലെ നാണംകുണുങ്ങിയാണെന്ന് പറയപ്പെട്ടിരുന്ന ആ വ്യക്തി, മാസ്മരികശക്തിയുള്ള പ്രഭാഷകനാണെന്ന് പറയപ്പെട്ടു. ഇന്ന് ആ മഹാത്മാവിന്റെ ഈശ്വരീയത മുറ്റിനില്ക്കുന്ന ഗ്രന്ഥങ്ങൾ നീതിമാന്മാർ അത്ഭുതദൃഷ്ടിയോടെ നോക്കിക്കാണുന്നു. അറബികളായ നിരവധിയാളുകൾ, ആ മഹാത്മാവിന്റെ അറബിഗ്രന്ഥങ്ങൾ വായിച്ച് എനിക്ക് കത്തെഴുതുന്നു.

ഈ ഗ്രന്ഥം എഴുതാൻ അല്ലാഹുവിന്റെ പ്രത്യേക ആൾക്കേ കഴിയൂ എന്ന് അവർ പറയുന്നു. ഇന്ന് ആ വ്യക്തിയെ വിശ്വസിക്കുന്നവർ- അവർ ലോകത്തിന്റെ മുക്കിലും മൂലയിലും വ്യാപച്ചിരിക്കുകയാണ്- അല്ലാഹു അവനാഗ്രഹിക്കുന്നതുപോലെ അവന്റെ രാജത്വം സ്ഥാപിക്കുന്നുവെന്നതിന് മതിയായ തെളിവാണ്. തന്റെ ദാസരെ അയച്ചുകൊണ്ട് അല്ലാഹു, താൻ യഥാർത്ഥ ആരാധ്യനാണെന്നതിനുള്ള തെളിവ് നമുക്ക് നല്കിക്കൊണ്ടിരിക്കുന്നു. നമ്മൾ ആ യഥാർത്ഥ ആരാധ്യന്റെ ഭരണം ലോകത്ത് സ്ഥാപിച്ചുകൊണ്ട്, അവന്റെ തൃപ്തി കരസ്ഥമാക്കുന്നവരായിത്തീരാനാണിത്. അതുകൊണ്ട് നാം എപ്പോഴും ഓർക്കണം, അറേബ്യയിൽ, ആ അല്ലാഹുവിൽ വിലയനം ചെയ്ത ആ മനുഷ്യന്റെ ദുആ തന്നെയായിരുന്നു ആയിരക്കണക്കിന്, ലക്ഷക്കണക്കിന് മൃതന്മാരെ ജീവിപ്പിച്ചത്. ഇന്ന് ആ അല്ലാഹുവിൽ വിലയനം ചെയ്ത മഹാത്മാവിന്റെ സത്യസന്ധനായ ദാസന്റെ ദുആ തന്നെയാണ് ജമാഅത്തിന്റെ പുരോഗതിക്ക് കാരണമായിത്തീർന്നുകൊണ്ടിരിക്കുന്നത്. നമ്മുടെ ശ്രമംകൊണ്ട് എന്തെങ്കിലും പഴം പിടിക്കുന്നുവെങ്കിൽ ആ ദുആയുടെ ഫലമായിട്ടുതന്നെയാണ്. അല്ലാഹുവിന്റെ രാജത്വം സ്ഥാപിക്കുന്നവരാണെന്ന് ഓശാരമായിട്ട് നാം പറയപ്പെട്ടു. പക്ഷേ, നാം ആ യഥാർത്ഥ ആരാധ്യനു മുമ്പിൽ കുമ്പിട്ടുകൊണ്ടിരിക്കുന്ന കാലത്തോളം മാത്രമേ ഈ പഴം തിന്നുകൊണ്ടിരിക്കുകയുള്ളൂ.

ഹദ്റത്ത് മസീഹ് മൗഊദ്(അ) നമുക്ക് നബി(സ) തിരുമേനിയുടെ ദാസത്വത്തിന്റെ യഥാർത്ഥ അറിവും ജ്ഞാനവും നല്കിക്കൊണ്ട്, ആ ജീവിത മാതൃകയനുസരിച്ച് ജീവിക്കാൻ ഉപദേശിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

"ലോകത്ത്, ഒരു ദൈവദൂതൻ വന്നു; ചെകിടന്മാർക്ക് ചെവി നല്കുന്നതിനുവേണ്ടി. അവർ ഇന്നു മുതലല്ല, മറിച്ച് നൂറ്റാണ്ടുകളായി അവർ ചെകിടന്മാരാണ്." പിന്നീട് പറയുന്നു. ആരാണ് അന്ധൻ? ആരാണ് ബധിരൻ? ഏകദൈവ വിശ്വാസത്തെ സ്വീകരിക്കാത്തവൻ തന്നെ. ആദ്യംമുതൽ വീണ്ടും ഭൂമിയിൽ ഏകദൈവവിശ്വാസം സ്ഥാപിച്ച ആ ദൈവദൂതനെ വിശ്വസിക്കാത്തവൻ തന്നെ. മൃഗതുല്യനായ മനുഷ്യനെ യഥാർത്ഥ മനുഷ്യനാക്കി മാറ്റി ആ ദൈവദൂതൻ, ആ യഥാർത്ഥ മനുഷ്യനിൽനിന്ന് ധാർമ്മികതയോടുകൂടിയ മനുഷ്യനെ സൃഷ്ടിച്ചു. അതായത്, സത്യസന്ധവും യഥാർത്ഥവുമായ ധാർമ്മികതയുടെ കേന്ദ്രസ്ഥാനത്ത് അവനെ പ്രതിഷ്ഠിച്ചു. പിന്നീട് ധാർമ്മികതയോടുകൂടിയ മനുഷ്യനിൽനിന്ന് ദൈവത്തിന്റെ സഹവാസമുള്ള മനുഷ്യനായിത്തീരാൻ ദൈവികനിറം അവനിൽ ചാർത്തി. ആ ദൈവദൂതൻ, അതേ ആ സത്യത്തിന്റെ സൂര്യൻ- ആ മഹാത്മാവിന്റെ കാൽക്കീഴെ വന്ന്, ബഹുദൈവരാധനയിലും നിരീശ്വരത്വത്തിലും കലഹത്തിലും കുഴപ്പങ്ങളിലും ആപതിച്ചിരുന്ന ആയിരക്കണക്കിന് മൃതന്മാർ ജീവിച്ചെഴുന്നേറ്റു."

ധാർമ്മികതയോടുകൂടിയ യഥാർത്ഥ മനുഷ്യൻ, ബാഹ്യമായ ധാർമ്മികതയിൽനിന്ന് അഭിവൃദ്ധിപ്പെട്ട്, യഥാർത്ഥ ആരാധ്യനെ തിരിച്ചറിയുന്നവനായി. നബി(സ) തിരുമേനിയുടെ നിയോഗദ്ദേശ്യം ഇതായിരുന്നു. അതായത് ആ മഹാത്മാവ് വന്നത് ലോകത്ത് യഥാർത്ഥ ആരാധ്യനെ പരിചയപ്പെടുത്തിക്കൊടുക്കാനായിരുന്നു. ആ മഹാത്മാവിന്റെ സത്യസന്ധനായ ദാസൻ(അ)ന്റെ വരവിന്റെ ഉദ്ദേശ്യവും ഇതുതന്നെയാണ്. ആ മഹാത്മാവിനെ വിശ്വസിക്കുന്നവരുടെ ഉദ്ദേശ്യവും ഇതുതന്നെയായിരിക്കണം. അതായത് യഥാർത്ഥമായ നിലയിൽ ആ മഹാത്മാവിനെ വിശ്വസിക്കുന്നവരുടെ ഉദ്ദേശ്യം ഇതുതന്നെയായിരിക്കണം. വെറും ബാഹ്യമായ ധാർമ്മികതയായിരിക്കരുത് ലക്ഷ്യം. പ്രത്യുത, യഥാർത്ഥ ആരാധ്യന്റെ യഥാർത്ഥ ആരാധകരായിത്തീരാൻ നാം ശ്രമിക്കുക. ലോകത്തിനും ഇത് പറഞ്ഞുകൊടുക്കുക.

ബാഹ്യമായ നിലയിലുള്ള അവരുടെ സൽസ്വഭാവങ്ങളുടെ- ദൈവത്തെക്കുറിച്ചുള്ള അവരുടെ കോലം കാലിയാണ്- അവസ്ഥ ഖലീഫത്തുൽ മസീഹ് ഥാനി(റ) ഒരിക്കൽ ഇങ്ങനെ വിവരിക്കുകയുണ്ടായി. ഒരു യോഗം സംഘടിപ്പിച്ചു. അതിൽ വിദ്യാസമ്പന്നരും സൽസ്വഭാവക്കാരും സമൂഹത്തിന്റെ തലപ്പത്തിരിക്കുന്നവരും എല്ലാം പങ്കെടുത്തിരുന്നു. ആ യോഗത്തിൽ പങ്കെടുത്ത ചിലർ പറഞ്ഞു: ഔപചാരികതകൊണ്ടും കൃത്രിമത്വം കൊണ്ടും തൻപ്രമാണിത്തം കൊണ്ടും പൊറുതിമുട്ടുകയാണ്. ഇന്ന് നാം ആവശ്യത്തേക്കാൾ കൂടുതൽ ഔപചാരികത കാണിക്കാൻ തുടങ്ങിയിരിക്കുന്നു. നമ്മുടെ ജീവിതം ഇക്കാരണത്താൽ ജീർണ്ണിച്ചുപോയിരിക്കുന്നു. അതുകൊണ്ട് ഇന്നത്തെ യോഗത്തിൽ നമ്മുടെ സുഹൃത്തുക്കൾ പങ്കെടുത്തിരിക്കുകയാണ്. അതുകൊണ്ട് ഇവിടെ നമ്മൾ അത്തരം ഔപചാരികതയൊന്നുമില്ലാതെ പെരുമാറേണ്ടതാണ്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു, "ധാർമ്മികതയുടെ വൃത്തത്തിനുള്ളിലിരുന്നുകൊണ്ട് യോഗം നടക്കുമെന്നാണ് ഞാൻ മനസ്സിലാക്കിയത്. പക്ഷേ കുറച്ചുകഴിഞ്ഞപ്പോൾ അവിടെ കണ്ടത് ധാർമ്മികതയിൽനിന്ന് അധഃപതിച്ച പ്രവർത്തനങ്ങളാണ്. അതു കണ്ടപ്പോൾ അവിടെ ഇരിക്കുന്നതുതന്നെ പ്രയാസമായി അനുഭവപ്പെട്ടു."

കുറച്ചുകാലം മുമ്പേ, എന്നോടും ഒരു ബന്ധു പറയുകയുണ്ടായി, പാക്കിസ്ഥാനിൽ ബാഹ്യത്തിൽ നോക്കിയാൽ വിദ്യാസമ്പന്നരും ധാർമ്മികത ഉൾക്കൊള്ളുന്നവരുമായ ജനവിഭാഗമാണ്. അല്ലെങ്കിൽ അങ്ങനെ പറയ

പ്പെടുന്ന ഒരു വിഭാഗമുണ്ട്. എന്നാൽ, അവിടെ യോഗങ്ങളിലുണ്ടാകുന്ന വ്യർത്ഥമായ ചലനങ്ങൾ കണ്ടുകൊണ്ട്, അഹ്മദികളുടെ കാര്യം അവിടെ നില്ക്കട്ടെ, മാന്യനായ ആർക്കും അവിടെ ഇരിക്കാൻ സാധിക്കുകയില്ല. ഇവരുടെ ചലനങ്ങൾ ഇങ്ങനെ തന്നെയായിരിക്കും. കാരണം യഥാർത്ഥ ആരാധ്യനിൽനിന്ന് അകന്നിരിക്കുന്നവരാണിവർ. ആ യഥാർത്ഥ ആരാധ്യനെ കണ്ടെത്താൻ ശ്രമിക്കുന്നുമില്ല.

യഥാർത്ഥ ആരാധ്യന്റെ ഭരണം സ്ഥാപിതമാകുന്നത്, നന്മയും ഈശ്വരഭക്തിയും സ്ഥാപിതമാകുമ്പോഴാണ്. അല്ലെങ്കിൽ അവന്റെ ഭരണം സ്ഥാപിക്കുന്നവരാണെന്ന് പറയപ്പെടുന്നത്, ഭൗതികമായ സൽസ്വഭാവത്തോടൊപ്പം ആത്മീയമായ സൽസ്വഭാവവും കരസ്ഥമാകുമ്പോഴാണ്. ആരാധനയുടെ ഉന്നതമായ നില കരസ്ഥമാകുമ്പോഴാണ്.

അതുകൊണ്ട് ഇക്കാലത്തും ഉത്കൃഷ്ടമായ സ്വഭാവക്കാരും, ദൈവം സഹവസിക്കുന്നവരും ആയിത്തീരുന്നവർ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്ത് ചെയ്തുകൊണ്ട്, ആ യഥാർത്ഥമായ സൗന്ദര്യത്തെ മനസ്സിലാക്കുന്നവരും കണ്ടവരുമായിരിക്കും. ഇന്നും നമുക്ക് യഥാർത്ഥ വിജയം ലഭിക്കുന്നത്, അല്ലാഹു സഹവസിക്കുന്ന മനുഷ്യരായിത്തീരുമ്പോഴാണ്, യഥാർത്ഥ ആരാധ്യനെ തിരിച്ചറിയുമ്പോഴാണ്. അതുകൊണ്ട് നമ്മുടെ ഉദ്ദേശ്യം നേടുന്നതിനായി ഓരോ അഹ്മദിയും യഥാർത്ഥ ആരാധ്യനെ പിടിക്കാൻ ശ്രമിക്കേണ്ടതാണ്. നമ്മുടെ വിജയവും നമ്മുടെ അഭിവൃദ്ധിയും- വ്യക്തിഗതമാകട്ടെ, സാമൂഹികമാകട്ടെ- അതിന്റെ രഹസ്യം യഥാർത്ഥ ആരാധ്യനെ ആരാധിക്കുന്നതിലാണ്. അല്ലാഹു അസീസ് എന്ന ഗുണവിശേഷത്തെക്കുറിച്ച് പറയുമ്പോൾ, വിശുദ്ധഖുർആൻ വിവിധയിടങ്ങളിൽ ഇതിലേക്ക് ശ്രദ്ധയും ക്ഷണിച്ചിട്ടുണ്ട്. നബിമാരുടെയെല്ലാം ചരിത്രം, ഇതിന് സാക്ഷിയാണ്. ഇന്നും സത്യവിശ്വാസിയുടെ അഭിവൃദ്ധി ഇതുമായി ബന്ധപ്പെട്ടതാണ്. ഇനി വിശുദ്ധഖുർആനിലെ ചില വചനങ്ങൾ ഞാൻ പറയുകയാണ്. ഇതിൽ അല്ലാഹു, താൻ യഥാർത്ഥ ആരാധ്യനാണെന്ന് പറഞ്ഞതിനോടൊപ്പം അസീസ് എന്ന ഗുണവിശേഷവും പറഞ്ഞിരിക്കുന്നു. സൂറഃആലുഇംറാനിലെ ഞാനോതിയ വചനത്തിൽ അല്ലാഹു പറയുന്നു:

“താനല്ലാതെ മറ്റൊരു ആരാധ്യനും ഇല്ലെന്ന് നീതിയെ മുൻനിറുത്തി അല്ലാഹു സാക്ഷ്യം വഹിക്കുന്നു. അപ്രകാരംതന്നെ മലക്കുകളും ജ്ഞാനികളും സാക്ഷ്യം വഹിക്കുന്നു. പ്രതാപശാലിയും അഗാധജ്ഞനുമായ അവനല്ലാതെ മറ്റൊരു ആരാധ്യനുമില്ലതന്നെ” (3:19).

ഈ വചനത്തിന്റെ മുമ്പേയുള്ള വചനങ്ങളിൽ വിശ്വസിക്കുന്നവർ പൊറുക്കലിനെ തേടുന്നതിനെക്കുറിച്ച് പറഞ്ഞിരിക്കുന്നു. അവർ ക്ഷമാശീലരാണെന്നും, സത്യം പറയുന്നവരാണെന്നും, അനുസരണശീലരാണെന്നും, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിക്കുന്നവരാണെന്നും, രാത്രിയിൽ എഴുന്നേറ്റ് തങ്ങളുടെ യഥാർത്ഥ ആരാധ്യന്റെ മുമ്പിൽ പൊറുക്കലിനെ തേടിക്കൊണ്ട് കുമ്പിടുന്നവരാണെന്നും പറഞ്ഞിരിക്കുന്നു. അത്തരക്കാരാണ് യഥാർത്ഥത്തിൽ അല്ലാഹുവിന്റെ ഏകത്വത്തെ തിരിച്ചറിയുന്നവർ.

അല്ലാഹു നീതിയോടുകൂടിയാണ് ഇക്കാര്യം പറയുന്നത്. ആരാണ് സാക്ഷ്യം വഹിക്കുന്ന ജ്ഞാനികൾ? ഒന്നാമതായി അത് അല്ലാഹുവിന്റെ നബിമാരാണ്. ഇപ്രകാരം തന്നെ നബിമാരുടെ അധ്യാപനങ്ങളെ യഥാർത്ഥമായ നിലയിൽ വിശ്വസിക്കുന്നവരാണ്. ഏകനായ അല്ലാഹുവിനെ ആരാധിക്കാത്തവർ, എത്രതന്നെ ജ്ഞാനികളാണെന്ന് അവകാശപ്പെട്ടാലും സ്വയം ബുദ്ധിമാന്മാരെന്നും വിവേകശാലികളെന്നും പെരുമ്പറകൊട്ടിപ്പറഞ്ഞാലും അല്ലാഹുവിന്റെ സാക്ഷ്യം, അവർ ഭൗതികമായ കണ്ണുള്ളവരാണെന്നതുശരി, പക്ഷേ, അവരുടെ ആത്മീയകണ്ണ് പൊട്ടിപ്പോയതാണ്. തങ്ങളുടെ സൃഷ്ടി ഉദ്ദേശ്യം മറന്നുപോകുന്നവരാണ് അവർ. നഊദുബില്ലാഹ്. ഏതോ നബി, തന്നെ അല്ലാഹുവിന് സമനാക്കാൻ പറഞ്ഞു എന്ന വീക്ഷണം പ്രചരിപ്പിച്ചുനടക്കുന്നവർ അസത്യവാന്മാരാണ്. കാരണം, ഏറ്റവും അധികം ജ്ഞാനികൾ നബിമാരാണ്. അവർ ഒരിക്കലും ഇങ്ങനെ പറയുകയില്ല. അതുകൊണ്ട് ഹദ്റത്ത് ഈസാ(അ)യുടെ മേൽ ഉന്നയിക്കുന്ന ഈ ആക്ഷേപം, പിന്നീട് വന്നവർ ഉണ്ടാക്കിവെച്ച ആരോപണമാണ്. അദ്ദേഹം അങ്ങനെ പറഞ്ഞുവെന്ന് വരുത്തിത്തീർത്തു. അദ്ദേഹം അല്ലാഹുവിന് സമനാണെന്ന് പറഞ്ഞുവത്രെ! അദ്ദേഹം ഒരിക്കലും അത് പറഞ്ഞിട്ടില്ല. അദ്ദേഹത്തിന് പറയാനും സാധ്യമല്ല. അദ്ദേഹം അല്ലാഹുവിന്റെ സത്യവാനായ പ്രവാചകനായിരുന്നു. അങ്ങനെ പറയുന്നവർ വിശുദ്ധഖുർആന്റെ അടിസ്ഥാനത്തിൽ, ജ്ഞാനികളെന്ന് പറയപ്പെടുകയില്ല. അല്ലാഹു ഏകനാണ്, പ്രതാപശാലിയാണ്. യുക്തിജ്ഞനാണ്. അവൻ പ്രതാപശാലിയും സർവശക്തനുമാണെന്നിരിക്കെ അവന് ഏതെങ്കിലും സഹായിയുടെ ആവശ്യമുണ്ടോ? അങ്ങനെ വരുമ്പോൾ ഓരോ ദൈവവും അവരവർക്ക് തോന്നിയതുപോലെ ചെയ്യാൻ തുടങ്ങും. പ്രപഞ്ചവ്യവസ്ഥിതി അടിമേൽ മറിഞ്ഞുപോകും. എല്ലാ പ്രവർത്തനവും യുക്തിനിർഭരമായിട്ടുള്ള അല്ലാഹുവിനെയാണ് ഇസ്‌ലാം സമർപ്പിക്കുന്നത്. അവന്നെതിരിൽ വേറൊരു ദൈവത്തെ എഴുന്നേല്പിച്ച് നിറുത്തുന്നത് യുക്തിയാണോ? ഒരു സാധാരണ മനുഷ്യൻപോലും ഇത്തരം യുക്തിരഹിതമായ കാര്യം പറയുകയില്ല. അവന്റെ പ്രവർത്തനവൃത്തത്തിൽ മറ്റാരോ

കൈകടത്തുന്നവനായിട്ടുണ്ടെന്ന് പറയുകയില്ല; എന്നിട്ടല്ലേ പ്രതാപശാലിയും എല്ലാ ഉൽകൃഷ്ട ഗുണങ്ങളുടേയും സമുച്ചയവുമായ അല്ലാഹുവിനെക്കുറിച്ച് ഇങ്ങനെ പറയാൻ പോകുന്നത്.

വിശുദ്ധഖുർആനിൽ അല്ലാഹു പറയുന്നു:

تَدْعُوْنَنِيْ لِاَكْفُرَ بِاللّٰهِ وَاُشْرِكَ بِهٖ مَا لَيْسَ لِيْ بِهٖ عِلْمٌ وَّاَنَا اَدْعُوْكُمْ اِلَى الْعَزِيْزِ الْغَفَّارِ ﴿٤٣﴾

“ഞാൻ അല്ലാഹുവിനെ നിഷേധിക്കുന്നതിനും എനിക്ക് അറിവില്ലാത്ത വസ്തുക്കളെ അവനോട് പങ്കുചേർക്കുന്നതിനും നിങ്ങളെന്നെ വിളിക്കുന്നു. ഞാനാകട്ടെ പ്രതാപവാനും വളരെയേറെ പൊറുത്തുകൊടുക്കുന്നവനുമായ അല്ലാഹുവിലേക്കാണ് നിങ്ങളെ ക്ഷണിക്കുന്നത്” (40:43).

ഇതാണ് ബുദ്ധിമാന്മാരുടെ മറുപടി. ഇതാണ് നബിമാരുടെ മറുപടി. അത് അല്ലാഹു തന്റെ നബിമാർ മുഖേന തന്നെ വിശ്വസിക്കുന്നവരെ പഠിപ്പിച്ചതാണ്. മറ്റു സ്ഥലങ്ങളിൽ, നിങ്ങൾ ഏതൊന്നിലേക്ക് എന്നെ വിളിക്കുന്നുവോ അതിനുള്ള തെളിവെന്താണെന്നും ചോദിച്ചിട്ടുണ്ട്. ഒരുതരത്തിലും നേട്ടവും കോട്ടവും വരുത്താൻ കഴിയാത്ത ഒന്നിനെയാണോ ഞാൻ വിശ്വസിക്കേണ്ടത് എന്നും ചോദിച്ചിട്ടുണ്ട്. ഇതെല്ലാം ബുദ്ധിയില്ലാത്ത ആളുകൾ പറയുന്ന കാര്യങ്ങളാണ്. എന്നാൽ, എന്റെ അല്ലാഹു പ്രതാപശാലിയും ഞാൻ അവന്റെ മുമ്പിൽ കുമ്പിട്ടുകൊണ്ട് പൊറുക്കലിനെ തേടുമ്പോൾ എനിക്ക് പൊറുത്തുതരുന്നവനുമാണ്. അജ്ഞതാപരമായ സംസാരം നിങ്ങൾക്ക് നടത്താൻ കഴിയും. എന്നാൽ, എനിക്കത് പറയാൻ പറ്റില്ല. ഇതാണ് അല്ലാഹുവിനെക്കുറിച്ച് മനസ്സിലാക്കിയിട്ടുള്ളവരുടെ മറുപടി. എന്നെ, അല്ലാഹു ഈമാനിന്റെ പ്രകാശംകൊണ്ട് നിറച്ചിരിക്കുന്നു. ഇതായിരിക്കും ഒരു സത്യവിശ്വാസിയുടെ മറുപടി.

ഈ വചനത്തിന്റെ മുമ്പേ അല്ലാഹു പറയുന്നു: ഇവരോട് പറയുക, ഞാൻ നിങ്ങളെ മോക്ഷത്തിലേക്ക് വിളിക്കുന്നു. നിങ്ങളെന്നെ തീയിലേക്ക് വിളിക്കുകയാണോ? ഞാൻ നിങ്ങളെ സർവശക്തനായ അല്ലാഹുവിലേക്കാണ് വിളിക്കുന്നത്. അവൻ നിങ്ങൾക്ക് മോക്ഷം നല്കും. നിങ്ങൾ പൊറുക്കലിനെ തേടിക്കൊണ്ട് അവന്റെ മുമ്പിൽ കുനിയുക; ഇതുവരെ ചെയ്തുകൂട്ടിയിട്ടുള്ള തിന്മകളിൽനിന്ന് രക്ഷപ്പെടാനും മോക്ഷം കരസ്ഥമാക്കാനും വേണ്ടി. പിന്നീട് ഈമാനിൽ അഭിവൃദ്ധിപ്പെടുകയും, ആരാധനയുടെ നിലവാരം അതിന്റെ ഉന്നതിയിലെത്തിക്കുകയും ചെയ്യുമ്പോൾ, അല്ലാഹു പറയുന്നത് മോക്ഷത്തിനുമീതെ വേറെയും വഴിയുണ്ടെന്നാണ്. അവൻ പറഞ്ഞു.

***ഖദ് അഫ്‌ലഹൽ മുഅ്മിനൂൻ*** തീർച്ചയായും സത്യവിശ്വാസികൾ വിജയം വരിച്ചു. അവർ തങ്ങളുടെ ലക്ഷ്യസ്ഥാനത്തെത്തിക്കഴിഞ്ഞു. പാപങ്ങളിൽനിന്ന് മാത്രമല്ല രക്ഷപ്പെടുന്നത് പ്രത്യുത, ഈമാനിൽ അഭിവൃദ്ധിപ്പെടുന്നവരും, അല്ലാഹുവിന്റെ രാജത്വം സ്ഥാപിക്കണമെന്ന് ആവേശം കൊള്ളുന്നവരും അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കുന്നവരുമായിത്തീരുന്നു. അവരുടെ ആഗ്രഹങ്ങൾ സഫലമാകുന്നു. ഓരോ പുതിയ സ്ഥാനത്തും എത്തിയതിനുശേഷം അതിനുമീതെയുള്ള പദവിയിലേക്ക് ശ്രദ്ധിക്കുന്നു. ഇതാണ് യഥാർത്ഥ ആരാധ്യനുമായി ബന്ധം സ്ഥാപിക്കുന്നവരുടെ സ്ഥാനം. ഒരു പദവി കിട്ടിയാൽ അത് അവിടെ അവസാനിക്കുകയില്ല. അത് അവസാനിക്കാത്ത ഒരു പരമ്പരയാണ്. ബോധമുള്ള ആരെങ്കിലും, ബഹുദൈവങ്ങളെ പൂജിച്ച് തീയുടെ ശിക്ഷ പറ്റാൻ ആഗ്രഹിക്കുമോ? അല്ലാഹു തന്റെ സിഫത്തുകളെക്കുറിച്ച് അറിവ് നല്കിയിട്ടുള്ള ആരെങ്കിലും ഉയർന്ന നന്മകൾ കരസ്ഥമാക്കാൻ ശ്രമിക്കുന്നതിനു പകരം ആ ഭാഗത്തേക്ക് ചിന്തിക്കുമോ?

അല്ലാഹു സൂറഃഹജ്ജിൽ പറയുന്നു, ***മാ ഖദറുല്ലാഹ ഹഖ്ഖ ഖദ്‌രിഹീ ഇന്നല്ലാഹ ലഖവിയ്യുൻ അസീസ്*** അല്ലാഹുവിന്റെ ഗുണങ്ങളെ അതർഹിക്കുന്നവിധം അവർ വിലയിരുത്തിയില്ല. തീർച്ചയായും അല്ലാഹു ശക്തനും പ്രതാപശാലിയുമാകുന്നു (22:75).

അതുകൊണ്ട് നിങ്ങൾ, അല്ലാഹുവിന്റെ ശക്തി, നിങ്ങളുടെ ശക്തിപോലെയാണെന്ന് കരുതരുത്. അങ്ങനെ ചിന്തിച്ച് അല്ലാഹുവിന്റെ ശക്തിയും ഇത്രയേയുള്ളൂ എന്ന് പറഞ്ഞ് അവന്റെ ശക്തിയെ പരിമിതപ്പെടുത്തരുത്. അവൻ ശക്തനാണ്, പ്രതാപശാലിയാണ്. അവന്റെ ശക്തി അപരിമിതമാണ്. അവന്റെ ശക്തിയെക്കുറിച്ച് നിങ്ങൾക്കറിയാത്തതുകൊണ്ടാണ് അവന് പങ്കാളികളെ നിങ്ങൾ വയ്ക്കുന്നത്. ഓർമ്മിക്കുക, അല്ലാഹു വലിയ ശക്തനാണ്. അവന്റെ കഴിവിനെ വിലയിരുത്തുക മനുഷ്യന്റെ കഴിവിൽപെട്ടതല്ല. ബുദ്ധി ശരിയായ നിലയിൽ ഉപയോഗിക്കുകയും, ആകാശത്തിന്റേയും ഭൂമിയുടേയും സൃഷ്ടിപ്പിൽ ചിന്തിക്കുകയും ചെയ്താൽ, അല്ലാഹുവിന്റെ സൃഷ്ടികളിൽ എന്തെന്തെല്ലാം അത്ഭുതപ്പെടുത്തുന്ന കാര്യങ്ങൾ ഉണ്ടെന്ന് മനസ്സിലാകും.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ വചനവും ഇതിനു മുമ്പേയുള്ള വചനവും സംയോജിപ്പിച്ചുകൊണ്ട് അതിനെ വിശദീകരിച്ചു പറഞ്ഞിരിക്കുന്നു: “അല്ലാഹു

ആരാധ്യരെ സംബന്ധിച്ച് പറയുന്നു. അല്ലാഹുവിനു പുറമെ നിങ്ങൾ ആരെയെല്ലാം വിളിച്ചു പ്രാർത്ഥിക്കുന്നുവോ അവർ ഒരിക്കലും ഒരു ഈച്ചയെപ്പോലും സൃഷ്ടിക്കുകയില്ല; അവരെല്ലാവരും അതിനുവേണ്ടി സംഘടിച്ചാൽപോലും. അവരിൽനിന്ന് അതിനെ അവർ വീണ്ടെടുക്കുകയുമില്ല. സഹായമർത്ഥിക്കുന്നവനും സഹായമർത്ഥിക്കപ്പെടുന്നവനും ബലഹീനർതന്നെ. അല്ലാഹുവിന്റെ ഗുണങ്ങളെ അതർഹിക്കുംവിധം അവർ വിലയിരുത്തിയില്ല.

അല്ലാഹു അവർ ഉദ്ദേശിക്കുന്നതുപോലെ ബലഹീനനാണോ. അല്ലാഹു എല്ലാ കഴിവുള്ളവനേക്കാളും കൂടുതൽ കഴിവുള്ളവനാണ്. എല്ലാവരേയും അതിജയിക്കുന്നവനുമാണ്. അവനെ ആർക്കും പിടിക്കാനും കഴിയില്ല. അവനെ ആർക്കും നശിപ്പിക്കാനും കഴിയില്ല. അല്ലാഹുവിന്റെ വില തിരിച്ചറിയാത്ത നിലയിലുള്ള തെറ്റുകളിലാണ് അവർ പതിക്കുന്നത്. അല്ലാഹു എങ്ങനെയുള്ളവനാകണം എന്നും അവർക്ക് അറിയില്ല.'' ഞാൻ പറഞ്ഞതുപോലെ, അല്ലാഹുവിന്റെ യഥാർത്ഥ സവിശേഷഗുണങ്ങളുടെ അറിവ്, ഹദ്റത്ത് മസീഹ് മൗഊദ്(അ) അഹ്മദികളിൽ സൃഷ്ടിച്ചിരിക്കുന്നു. മറ്റുള്ളവർക്ക് ഇതുവരെ എത്താൻ കഴിയില്ല. മുസ്‌ലിംകൾ നബി(സ)യിൽ വിശ്വസിച്ചിട്ടും അല്ലാഹുവിന്റെ സിഫത്തുകളെക്കുറിച്ച് ശരിയായ അറിവില്ലാത്തവരാണ്. അല്ലാഹുവിനെ പ്രതാപശാലിയായി മനസ്സിലാക്കിയിട്ടും, എല്ലാ കഴിവുകളുടേയും അധികാരി എന്ന് മനസ്സിലാക്കിയതിനുശേഷവും അറിയാത്തനിലയിൽ അല്ലാഹുവിനോട് പങ്കുകാരെ വയ്ക്കുന്ന രീതിയിലുള്ള ചില വീക്ഷണഗതികൾ ചിലർ വെച്ചുപുലർത്തുന്നു. ഹദ്റത്ത് ഈസാ(അ) സ്ഥൂലശരീരത്തോടെ ആകാശത്ത് ജീവിച്ചിരിക്കുന്നുവെന്ന വിശ്വാസത്തിൽ നിലകൊള്ളുന്നവരാണ് വലിയൊരു വിഭാഗം. അതുപോലെതന്നെയാണ് ഹദ്റത്ത് ഈസാ (അ) പ്രത്യക്ഷമായ നിലയിൽ പക്ഷിയെ സൃഷ്ടിച്ചുവെന്നുള്ള വിശ്വാസവും. അല്ലാഹു പറയുന്നത്, മനുഷ്യരെ അല്ലെങ്കിൽ അല്ലാഹുവിന്നെതിരിൽ എഴുന്നേല്പിച്ചുനിറുത്തുന്നതെന്തും, ഒരു ഈച്ചയെപോലും സൃഷ്ടിക്കാൻ കഴിവില്ലാത്തവരാണ് എന്നാണ്. എന്നിട്ടല്ലേ നിങ്ങൾ പറയുന്നത് ഇന്നയാൾ പക്ഷിയെ സൃഷ്ടിച്ചുവെന്ന്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു സംഭവം എഴുതിയിരിക്കുന്നു. ഒരിക്കൽ ഒരു മൗലവി സാഹിബിനോട് ഹദ്റത്ത് മസീഹ് മൗഊദ്(അ) ചോദിച്ചു. 'മസീഹ് പക്ഷിയെ സൃഷ്ടിച്ചിട്ടുണ്ടല്ലോ. അപ്പോൾ കാറ്റിൽ പറന്നുകളിക്കുന്ന ഈ പക്ഷികളിൽ കുറച്ച് ഈസാ(അ) സൃഷ്ടിച്ചതായിരിക്കുമല്ലോ. കുറച്ച് അല്ലാഹുവിന്റെ സൃഷ്ടികളുമായിരിക്കും. ഇതിൽനിന്ന് ഈസാ(അ) സൃഷ്ടിച്ച പക്ഷികളെ വേർപെടുത്തി കാണിക്കാൻ നിങ്ങൾക്ക് കഴിയുമോ? മൗലവി സാഹിബ് പഞ്ചാബി ഭാഷയിൽ പറഞ്ഞു: അത് വളരെ പ്രയാസമുള്ള കാര്യമാണ്. കാരണം അവരണ്ടും കൂടിക്കലർന്നുപോയി.' മസീഹും അല്ലാഹുവും സൃഷ്ടിച്ച പക്ഷികൾ രണ്ടും കൂടിക്കലർന്നുപോയത്രെ! ഇനി അവയെ വേർപ്പെടുത്താൻ കഴിയില്ലത്രെ!

ഈ അവസ്ഥയാണ് നമ്മുടെ ചില ആലിംകളുടേത്. അവരുടെ പിന്നാലെകൂടി ചില നിഷ്കളങ്കർ തങ്ങളുടെ ഈമാനേയും കളങ്കപ്പെടുത്തുന്നു. അതുകൊണ്ട് അഹ്മദികൾ ആ ഏകനായ അല്ലാഹുവിലേക്ക് കുനിയേണ്ടതാണ്. അവൻ എല്ലാ ശക്തിയുടേയും ഉറവിടമാണ്. എല്ലാ വസ്തുവിനേയും സൃഷ്ടിച്ചവനുമാണ്. ആർക്കും അവന്റെ ശക്തിയോടു പൊരുതാൻ സാധിക്കില്ല. ഇതാണ് അല്ലാഹുവിന്റെ രാജത്വം ഹൃദയങ്ങളിൽ സൃഷ്ടിക്കാനുള്ള രീതി. അല്ലാഹു പറയുന്നു:

"ആകാശങ്ങളിലും ഭൂമിയിലും അവനുതന്നെയാണ് മഹത്ത്വം. അവൻ പ്രതാപവാനും അഗാധജ്ഞനുമാകുന്നു" (46:38).

ആ അല്ലാഹുവിന്റെ മുന്നിൽ നമ്മുടെ തല എപ്പോഴും കുനിഞ്ഞിരിക്കേണ്ടതാണ്. എല്ലാത്തരം ശിർക്കുകളിൽനിന്നും അകന്നിരിക്കാൻ ശ്രമിക്കേണ്ടതാണ്. ആ യഥാർത്ഥ ആരാധ്യന്റെ മുന്നിൽ നാം കുനിയണം. അവനല്ലാതെ മറ്റൊരു ആരാധ്യനുമില്ല. അവൻ തന്നെയാണ് സർവശക്തിയുടേയും ഉറവിടം. അസീസും ഹക്കീമുമായ അല്ലാഹുവാണ് അവൻ. അവനുമായി ബന്ധപ്പെട്ടുനില്ക്കുമ്പോൾ വിജയം നല്കപ്പെടുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: നമ്മുടെ സ്വർഗ്ഗം നമ്മുടെ ദൈവമാകുന്നു. നമ്മുടെ ഉയർന്ന ആനന്ദാനുഭൂതികളത്രയും നമ്മുടെ ദൈവത്തിലാകുന്നു. എന്തെന്നാൽ, ഞാൻ അവനെ കാണുകയും എല്ലാ സൗന്ദര്യങ്ങളും അവനിൽ ദർശിക്കുകയും ചെയ്തിരിക്കുന്നു. ജീവൻ കളഞ്ഞിട്ടും കൈവരിക്കേണ്ട സമ്പത്താണിത്. സർവവും നഷ്ടപ്പെടുത്തിയിട്ടും വിലയ്ക്കെടുക്കേണ്ട മാണിക്യക്കല്ലാണിത്. അല്ലയോ നിർഭാഗ്യരേ, ഇതാ ഈ നീരുറവയിലേക്ക് ഓടിവരിൻ. ഇത് നിങ്ങൾക്ക് ദാഹശമനം വരുത്തും. ഇത് നിങ്ങളെ രക്ഷപ്പെടുത്തുന്ന ജീവിതസ്രോതസ്സാകുന്നു. ഞാനെന്ത് ചെയ്യണം. എങ്ങനെ ഞാനീ സന്തോഷവാർത്ത നിങ്ങളുടെ ഹൃദയത്തിലെത്തിക്കും? ഏത് ചെണ്ടകൊട്ടിയാണ്, ഇതാ നിങ്ങളുടെ ദൈവം എന്ന് ജനങ്ങളെ അറിയിക്കാനുള്ള പ്രഖ്യാപനം ഞാൻ നടത്തേണ്ടത്; ജനങ്ങൾ കേൾക്കുമാറാകാൻ. അവരുടെ കാതുകളിൽ ഏത് ഔഷധം പ്രയോഗിച്ചാണ് ഞാൻ ചികിത്സിക്കേണ്ടത്; അവ തുറക്കുമാറാകാൻ. നിങ്ങൾ ദൈവത്തിന്റേതായി മാറുമെങ്കിൽ ഓർത്തുകൊള്ളുവിൻ, നിശ്ചയമായും ദൈവം

നിങ്ങളുടേത് തന്നെയായിരിക്കും.”

വീണ്ടും ആ മഹാത്മാവ് പറയുന്നു: “ആ സർവ ശക്തനും സത്യസന്ധനും പരിപൂർണനുമായ അല്ലാഹുവിന് നമ്മുടെ ആത്മാവും നമ്മുടെ ശരീരത്തിന്റെ ഓരോ അംശവും സുജൂദ് ചെയ്യുന്നു. ഓരോ ആത്മാവും സൃഷ്ടികളുടെ ഓരോ അണുവും അവന്റെ കൈകൊണ്ട് സകല ശക്തിയോടുംകൂടി വെളിപ്പെട്ടു. അവന്റെ സാന്നിധ്യം കൊണ്ട് ഓരോ വസ്തുവും നിലനില്ക്കുന്നു. അവന്റെ അറിവിൽപ്പെടാത്ത ഒരു വസ്തുവുമില്ല. അവന്റെ നിയന്ത്രണത്തിൽനിന്നും ഒന്നും ഒഴിഞ്ഞുനില്ക്കുന്നില്ല. ആയിരക്കണക്കിന് സലാമും സ്വലാത്തും റഹ്മത്തും ആ പരിശുദ്ധനായ നബി മുഹമ്മദ് മുസ്തഫാ(സ)യുടെമേൽ ഉണ്ടാവട്ടെ. അദ്ദേഹം മുഖേന നാം ആ ജീവനുള്ള അല്ലാഹുവിനെ പ്രാപിച്ചു. അവൻ സ്വയം സംസാരിച്ച് തന്റെ അടയാളം നമുക്ക് നല്കുന്നു. സ്വയംതന്നെ തന്റെ പ്രകാശിക്കുന്ന മുഖം കാണിക്കുന്നു. അതുകൊണ്ട് അല്ലാഹുവിനെ കാണിച്ചുതന്ന ആ റസൂലിനെ നാം കണ്ടു. പരിപൂർണശക്തികൊണ്ട് ഓരോ മണ്ണും സൃഷ്ടിച്ച അല്ലാഹുവിനെ പ്രാപിക്കുകയും ചെയ്തു. അവന്റെ ശക്തി എന്തെന്തെല്ലാം മഹത്വം ഉൾക്കൊള്ളുന്നതാണ്. അവനെക്കൂടാതെ ഒന്നുംതന്നെ ലോകത്തുണ്ടായിട്ടില്ല. അവന്റെ സഹായമില്ലാതെ ഒന്നിനും നിലനില്പുമില്ല. സത്യസന്ധനായ ആ അല്ലാഹു അസംഖ്യ അനുഗ്രഹങ്ങളുടെ ഉടമസ്ഥനാണ്. നിരവധി ശക്തികൾ ഉൾക്കൊള്ളുന്നവനും അത്യന്തം സൗന്ദര്യവാനും ഔദാര്യവാനുമാണവൻ. അവനല്ലാതെ ഒരു ദൈവവുമില്ല.”

നാം നമ്മുടെ ഉദ്ദേശ്യം കരസ്ഥമാക്കുന്നതിനായി നമ്മുടെ അല്ലാഹുവുമായിട്ട് ബന്ധം സ്ഥാപിക്കേണ്ടതാണ്. അസീസ് എന്ന സവിശേഷ ഗുണത്തിന്റെ വെളിപെടൽ നമ്മളിൽ കണ്ടുകൊണ്ട്, സർവ്വലോകത്തും നന്മയും തഖ്‌വയും സ്ഥാപിക്കുക എന്ന നമ്മളുടെ ആഗ്രഹം കണ്ടുകൊണ്ട്, നമ്മുടെ വിജയം കണ്ടുകൊണ്ട്, അന്യരുടെ നാവിൽനിന്നും ***റുബമാ എവദ്ദുല്ലദീന കഫറു ലൗ കാനൂമുസ്‌ലിമീൻ*** (തങ്ങൾ മുസ്‌ലിംകളായിരുന്നെങ്കിൽ എത്ര നന്നായേനെ എന്ന് അവിശ്വാസികൾ പലപ്പോഴും ആഗ്രഹിക്കും.) എന്ന ശബ്ദം പുറത്തുവരുമാറാകട്ടെ, നമ്മുടെ ആരാധനയുടെ നിലവാരവും അല്ലാഹുവിലുള്ള വിശ്വാസവും നമ്മുടെ ഉദ്ദേശ്യവും മറ്റുള്ളവർ എടുത്തു പറയാൻ നിർബന്ധിതരാകുന്ന നിലവാരത്തിലേക്ക് നാം ഉയരുന്നില്ലെങ്കിൽ നമ്മൾ അല്ലാഹുവിന്റെ ദാസരാണെന്ന വാദവും നമ്മുടെ ഉദ്ദേശ്യം നേടിയെടുക്കാനുള്ള പരിശ്രമവും പൂർണ്ണമാവുകയില്ല.

ആരാധന ആരേയും കാണിക്കാൻവേണ്ടി ചെയ്യാൻ പാടില്ല എന്നത് ശരിതന്നെ. നന്മയും ദൈവഭയവും ആരുടെയെങ്കിലും സമ്മാനത്തിനു വേണ്ടിയാകാൻ പാടില്ല. പക്ഷേ, നാം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിലെ അംഗങ്ങളാണെന്ന പ്രകടനം തീർച്ചയായും ഉണ്ടാകണം. നമ്മുടെ ഉദ്ദേശ്യം ലോകത്ത് അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും രാജത്വം സ്ഥാപിക്കുക എന്നതാണ്.

ഇന്ന് ഇതൊരു വെല്ലുവിളിയായി നമ്മുടെ മുമ്പിൽ നില്ക്കുന്നു. ഈ വെല്ലുവിളിയെ ഓരോ അഹ്മദിയും സ്വീകരിക്കേണ്ടതാണ്. യഥാർത്ഥ ആരാധ്യരും ഏക ദൈവ വിശ്വാസികളുമായിത്തീരാൻ അല്ലാഹു നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ. നമ്മുടെ ഉദ്ദേശ്യം മനസ്സിലാക്കാനും അവൻ നമുക്ക് സൗഭാഗ്യം നല്കുമാറാകട്ടെ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 30.11.2007 at Baithul Futuh, London.

*Translated by: Muhammad Ismail, Alleppey*
Mob: 94466 56123 Resi.: 0497 3294865
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala